പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6752 9.11.2016 -ൽ മറുപടിയ്ക്ക്

## മദ്യനയം മൂലം ടൂറിസം മേഖലയ്ക്ക് ഉണ്ടായ തളർച്ച

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | മുൻ സർക്കാർ പ്രഖ്യാപിച്ച മദ്യനയം ഈ കഴിഞ്ഞ ഒരുവർഷം ടൂറിസം മേഖലയെ എങ്ങനെയൊക്കെ ബാധിച്ചുവെന്ന് വിനോദസഞ്ചാര വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്തെ നിലവിലെ വിനോദ സഞ്ചാരികളുടെ വരവിലുള്ള വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് "Trade Research Survey 2016" എന്ന പഠനം വകുപ്പ് നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ കാരണങ്ങളിലൊന്നായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ, കല്യാണങ്ങൾ എന്നിവയുടെ വളർച്ച നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി. |
| ബി) | സംസ്ഥാനത്തിന് വരുമാനം ഉണ്ടാക്കുന്ന ടൂറിസം മേഖലയ്ക്ക് ഉണ്ടായ തളർച്ച പരിഹരിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | നിലവിൽ തുടർന്നുവരുന്ന പ്രചാരണ പരിപാടികൾ കൂടുതൽ ശക്തമായി വിദേശ ആഭ്യന്തര വിപണികളിൽ തുടർന്നും നടത്തുന്നതാണ്. മദ്യ നയത്തിൽ ഉണ്ടായ മാറ്റം ഒരു പരിധിവരെ വരുമാനക്കുറവിന് കാരണമായിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ എന്നത് |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതുമാണ്. നവമാധ്യമങ്ങൾ വഴി കൂടുതൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. മദ്ധ്യകിഴക്കൻ രാജ്യങ്ങളിൽ നിന്നും കൂടുതൽ വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനു വേണ്ട പ്രചരണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ വഴി ടൂറിസം മേഖലയിലുണ്ടായ തളർച്ച പരിഹരിക്കാൻ സാധിക്കും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ